# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
**ഫോൺ:** 04712302490 **ഫാക്സ്:**04712303025/20303080
**ഇ-മെയിൽ** : dhskerala@gmail.com   വെബ്സൈറ്റ്: www.dhs.kerala.gov.in

നം.സി.എ.-31/2023/ആ.വ.ഡ

തീയതി : 03/02/2023

## സർക്കുലർ

വിഷയം:- ആ.വ.ഡ.-ഭക്ഷ്യസുരക്ഷാ ഗുണനിലവാരം- ഹെൽത്ത് കാർഡ്/മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ- സംബന്ധിച്ച്

ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷണസാധനങ്ങൾ തയ്യാറാക്കുകയും വിതരണം ചെയ്യുന്നവർക്കും ഭക്ഷ്യസുരക്ഷാവകുപ്പ് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ വീഴ്ച്ചകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ കൃത്യത ഉറപ്പ് വരുത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

സർട്ടിഫിക്കറ്റ് നൽകുമ്പോൾ ബന്ധപ്പെട്ട ഡോക്ടർമാർ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് എല്ലാ സ്ഥാപനമേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ കീഴ്സ്ഥാപനങ്ങൾക്കും നൽകേണ്ടതും ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### A. ക്ലിനിക്കൽ പരിശോധന

- സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് അപേക്ഷകൻ/അപേക്ഷകയെ ഡോക്ടർ നേരിട്ട് പരിശോധിക്കേണ്ടതാണ്.
- ശാരീരിക പരിശോധന (General Examination)
- കാഴ്ച്ച പരിശോധന
- ത്വക്ക്, നഖങ്ങൾ എന്നിവയുടെ പരിശോധന

### B. ലാബ് പരിശോധനകൾ

- ബ്ലഡ് റുട്ടീൻ പരിശോധന (Blood routine examination)
- റൈഫോയിഡ് നിർണ്ണയിക്കുന്നതിനുള്ള Widal Test, ഹെപ്പറ്റൈറ്റിസ്- എ നിർണ്ണയിക്കുന്നതിനുള്ള IgM Hepatitis- A എന്നീ പരിശോധനകൾ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആവശ്യാനുസരണം ഡോക്ടർക്ക് നിർദ്ദേശിക്കാവുന്നതാണ്.

- ക്ഷയരോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ കഫപരിശോധന നടത്തേണ്ടതാണ്.
- പരിശോധനവേളയിൽ ഡോക്ടർക്ക് ആവശ്യമെന്ന് തോന്നുന്ന മറ്റ് പരിശോധന കൾ നിർദ്ദേശിക്കേണ്ടതാണ്.
- പരിശോധനാഫലങ്ങൾ പരിശോധിച്ചു ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം സർട്ടിഫി ക്കറ്റ് നൽകേണ്ടതാണ്.

**C. <u>രോഗപ്രതിരോധ നടപടികൾ</u>**

- റ്റൈഫോയിഡ് രോഗത്തിനെതിരെയുള്ള വാക്സിനേഷൻ ഷെഡ്യൂൾ പൂർത്തീക രിക്കണം(Conjugated typhoid vaccine/Unconjugated Vi Polysaccharide vaccine/oral live attenuated Ty21a vaccine)
- വിരശല്യത്തിന് എതിരെയുള്ള മരുന്ന് നൽകേണ്ടതാണ്.

**ഡോ. വി. മീനാക്ഷി**
ആരോഗ്യവകുപ്പ് ഡയറക്ടർ i/c

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും